# ആമുഖം

സാമൂഹിക വികസന പ്രക്രിയയുടെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ് വിദ്യാഭ്യാസം. സുസ്ഥിര വികസത്തിൽ അധിഷ്ഠിതമായ ഒരു ജനാധിപത്യ സമൂഹത്തിന്റെ സൃഷ്ടിക്ക് അനുയോജ്യമായ അറിവും മനോഭാവവും, നൈപുണികവും, മൂല്യങ്ങളും ആർജ്ജിക്കുവാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിലൂടെ ചെയ്യുന്നത്. മെച്ചപ്പെട്ട സാമൂഹിക ജീവിതത്തിന് വേണ്ടി വ്യക്തിയെ തയ്യാറാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

കാസറഗോഡ് ജില്ലയിൽ, ചെങ്കള പഞ്ചായത്തിലെ ബേവിഞ്ചയിൽപ്പെടുന്ന കല്ലും കൂട്ടം എന്ന സ്ഥലത്താണ് നമ്മുടെ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഗവൺമെന്റ് എൽ.പി. സ്കൂൾ കല്ലും കൂട്ടം എന്നറിയപ്പെടുന്ന ഈ വിദ്യാലയം 1972-ൽ റപവർത്തനമാരംഭിച്ചതാണ്. ഒരു വലിയ കുന്നിനുമുകളിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1 മുതൽ 4 വരെ ക്ലാസ്സുകളിൽ 832കുട്ടികൾ പഠിക്കുന്നു. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 4 അധ്യാപകരും ഒരു അറബി അധ്യാപകനും ഒരു പാർട്ട്ടൈം പ്യൂണും അടങ്ങുന്നതാണ് സ്റ്റാഫ്. കൂടാതെ പി.ടി.എ. യുടെ വകയിൽ അംഗീകാരമില്ലാത്ത പ്രീ.പ്രൈമറി ക്ലാസ് നടക്കുന്നുണ്ട്. പ്രീപ്രൈമറി ക്ലാസ്സിൽ 13 കുട്ടികളും ഒരു ടീച്ചർ ഈ ക്ലാസ് നിയന്ത്രിക്കുകയും ചെയ്യുന്നു. ഈ വിദ്യാലയത്തെ ജില്ലയുടെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റി എടുക്കുവാൻ പൊതു വദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നമുക്ക് കഴിയണം. ഇതിനായി എല്ലാ വരും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# വിദ്യാലയത്തിന്റെ ചരിത്രം

ചെങ്കള ഗ്രാമപഞ്ചായത്തിലെ 17- ാം വാർഡിൽ ഉൾപ്പെട്ട ബേവിഞ്ച എന്ന സ്ഥലത്ത് ദേശീയപാതയിൽ നിന്നും ബോവിക്കാനത്തേക്ക് പോകുന്ന റോഡിന് ഇടത് വശത്തായി കുന്നിന് മുകളിലാണ് സ്കുൾ സ്ഥിതിചെയ്യുന്നത്.

സർവ്വെ നമ്പർ 295/2 പ്രകാരം 48 സെന്റും 307/B പ്രകാരം 52 സെന്റും ഉൾപ്പെടെ ആകെ 1 ഏക്കർ സ്ഥലത്താണ് സ്കൂൾ കെട്ടിടം സ്ഥിതിചെയ്യുന്നത്. ഒരു ഓഫീസ് മുറിയും 1-IV- വരെ ക്ലാസുകൾക്ക് ഓരോ ഡിവിഷനും ചേർന്നുള്ള ഓട് മേഞ്ഞ ഒറ്റ നില കെട്ടിടമാണ് സ്കൂളിനുള്ളത് . പി.ടി.എ യുടെ വകയിൽ പ്രീ പ്രൈമറി ക്ലാസുകൾ നടത്തുന്നുണ്ട്. 14 കുട്ടികൾ പ്രീപ്രൈമറിയിലും 1 മുതൽ 4 വരെ ക്ലാസ്സുകളിൽ 33 കുട്ടികൾ പഠിക്കുന്നു.

ഭൂരിഭാഗം മുസ്ലീം കുട്ടികൾ പഠിക്കുന്ന വിദ്യാലയമെന്ന നിലക്ക് റംസാൻ കലണ്ടർ പ്രകാരം പ്രവർത്തിച്ചിരുന്ന വിദ്യാലയം 2012 അധ്യായനവർഷം മുതൽ ജനറൽ കലണ്ടർ പ്രകാരം പ്രവർത്തിക്കാൻ തുടങ്ങിയത് ഈ വിദ്യാലയത്തിന്റെ മാറ്റമായി കണക്കാക്കാവുന്നതാണ്. എൽ.എസ്.എസ് കുട്ടികൾക്ക് മികച്ച പരിശീലനം നൽകിവരുന്നു. മുൻവഷങ്ങളെ അപേക്ഷിച്ച് ശാസ്ത്രമേളയിലും കലോത്സവങ്ങളിലും നല്ല വിജയം നേടാൻ സാധിച്ചിട്ടുണ്ട്.

# നിലവിലെ അവസ്ഥാവിശകലനം.

**എ. ഭൗതികം- നേട്ടങ്ങൾ**

സ്കൂൾ മുറ്റത്ത് കുട്ടികൾക്ക അസംബ്ലി നടത്തുന്നതിനായി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഷീറ്റ് പണിതിട്ടുണ്ട്. കൂടാതെ കഞ്ഞിപ്പുരയും, പഞ്ചായത്തിന്റെ വക നിർമ്മിച്ചിട്ടുണ്ട്. എം.എൽ.എ ഫണ്ട് വക ഒരു ബസ് സ്കൂളിന് അനുവദിച്ചിട്ടുണ്ട്.

**ബി. ഭൗതികം- പരിമിതികൾ**

ഓഫീസ്, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടം ഇല്ല. ശൗചാലയം നവീകരിക്കേണ്ടതുണ്ട്. ചുറ്റുമതിൽ പൂർണ്ണമല്ല. സ്കൂളിന് കവാടമില്ല. ഓഡിറ്റോറിയം ഇല്ല. വാഹനഷെഡ് നിർമ്മി ക്കേണ്ടതുണ്ട് . ഭോജനശാല ആവശ്യമാണ്. ഓപ്പൺ എയർ സ്റ്റേജ് നിർമ്മിക്കേണ്ടതുണ്ട്. ആകർഷകമായ പൂന്തോട്ടം ജൈവ വൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. വിശാലമായ കളിസ്ഥലം വേണം. വാഹനം കയറാൻ പറ്റുന്ന രീതിയിൽ ഇപ്പോഴുള്ള റോഡിനെ നിരപ്പാക്കി ടാർ ചെയ്യണം.

**സി. അക്കാദമികം- നേട്ടങ്ങൾ.**

എൽ.എസ്.എസ്. കുട്ടികൾക്ക് നല്ല നിലയിൽ പരിശീലനം നൽകുന്നുണ്ട്. ശാസ്ത്രമേളയിലും, കലോത്സവത്തിലും സ്കൂളിനെ പ്രതിനിധീകരിച്ച് കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും മെച്ചപ്പെട്ട രീതിയിൽ പ്രകടനം കാഴ്ചവെക്കുകയും ചെയ്തിട്ടുണ്ട്. പങ്കെടുത്ത ഇനങ്ങളിൽ ബി ഗ്രേഡ് ലഭിച്ച് കൊണ്ട് സ്കൂളിന്റെ പേര് ഉയർത്താൻ സാധിച്ചിട്ടുണ്ട്.

4

# കാഴ്ചപ്പാട്

- പൂർണ്ണമായും വിദ്യാർത്ഥികേന്ദ്രമായ പഠനപ്രക്രിയ തുടരുന്നു.
- ഓരോ ക്ലാസിലും ആർജ്ജിക്കേണ്ട പഠനനിലവാരം ഉറപ്പാക്കുക.
- പഠന നിലവാരത്തിലെത്താത്തവർക്കായി പ്രത്യേക പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുക.
- മലയാളത്തോടൊപ്പം ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയവിനിമയം നടത്തുന്ന പഠിതാക്കൾ.
- ശാസ്ത്രപഠനത്തിന്റെ രീതി സ്വായത്തമാക്കിയ വിദ്യാർത്ഥികൾ.
- ധാരാളം ചോദ്യം ചോദിക്കുന്നവർ
- ഉത്തരം നിരീക്ഷിച്ചും, പരീക്ഷിച്ചും പുസ്തകങ്ങളും ഇന്റർനെറ്റും പരി ശോധിച്ച് കണ്ടെത്തുന്നവർ.
- കാർഷിക സംസ്ക്കാരത്തെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുന്ന കുട്ടികൾ.
- പ്ലാസ്റ്റിക്, കീടനാശിനി, ലഹരിമുക്ത വിദ്യാലയത്തെ പരിപാലിക്കുന്നവർ.
- എല്ലാ ശേഷികളും വികസിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യമുള്ള വിദ്യാലയം.
- കലാകായിക പ്രവൃത്തി പരിചയ പരിശീലനങ്ങൾ ആസൂത്രണം നടത്തുന്ന തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉള്ള വിദ്യാലയം.
- സഹകരണമനോഭാവത്തോടെ അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്ന രക്ഷിതാക്കൾ.
- ഈ പ്രദേശത്തെ ജനങ്ങൾ മുഴുവൻ പിന്തുണയും സഹായവും നൽകുന്ന വിദ്യാലയം.

- ഈ പ്രദേശത്തെ പൂർവ്വ വിദ്യാർത്ഥികൾക്കും നല്ലവരായ പ്രദേശവാസികൾക്കും എല്ലാവിധ സൗകര്യങ്ങളും ചെയ്തകൊടുക്കുന്ന വിദ്യാലയം.
- ഈ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകണമെങ്കിൽ അധ്യാപകരും, അധ്യാപക രക്ഷാകർത്തൃ സമിതിയും, പൂർവ്വ വിദ്യാർത്ഥി സംഘടനയും ഗ്രാമ പഞ്ചായത്തും എസ്.എസ്.എ യും പൊതുവിദ്യാഭ്യാസവകുപ്പും സന്നദ്ധ സംഘടനകളും ഒത്തുപ്രവർത്തിക്കണം. അങ്ങനെ ഈ വിദ്യാലയം ഒരു മാതൃകാ വിദ്യാലയമായി മാറുമെന്നതിൽ സംശയമില്ല. അതിനാൽ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. നാടിന്റെ നന്മയ്ക്കായി നമുക്ക് കൈ കോർക്കാം.

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ  എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.


## ഭൗതീകം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഡൈനിംഗ് ഹാൾ ശുചിത്വം + ആരോഗ്യം= പഠനം | • സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ട് വർഷം | പി.ടി.എ L.S.G.D | 5 ലക്ഷം M.P. ഫണ്ട് |
| 2 | പ്രീ പ്രൈമറി & ലാബ് സമുച്ചയം പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ ലാബുകൾ ശാസ്ത്രീയമാക്കൽ | • ആകർഷകമായ വിധത്തിൽ പ്രീ-പ്രൈമറി & ലാബ് മന്ദിരസമുച്ചയം നിർമ്മിക്കൽ. മുകളിൽ ആഡിറ്റോറിയം. | അഞ്ചുവർഷം | പി.ടി.എ L.S.G.D | 80 ലക്ഷ പഞ്ചായത്ത് |
| 3 | കവാടം, പടിപ്പുര, സ്കൂൾ ആകർഷകമാക്കൽ, സുരക്ഷിതത്വം | • ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം പടിപ്പുര എന്നിവ സജ്ജമാക്കൽ | ഒരു വർഷം | പി.ടി.എ L.S.G.D | 3ലക്ഷം ജില്ലാപഞ്ചായത്ത് |
| 4 | കിഡ്സ് പാർക്ക് ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാനമന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ. മുറ്റം ഉയരം കൂട്ടി ട്രെസ്സ് വർക്ക് ചെയ്യൽ | രണ്ട് വർഷം | പി.ടി.എ. L.S.G.D | 65 ലക്ഷം എം.എൽ.എ. ഫണ്ട് |
| 5 | മൈതാന നിർമ്മാണം, കായികവിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | • മുഴുവൻ കുട്ടികൾക്കും വിവിധ തരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങളൊരുക്കിയുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ. | രണ്ടു വർഷം | പി.ടി.എ L.S.G.D | 80 ലക്ഷം ജില്ലാ പഞ്ചായത്ത് |
| 6 | ജനറേറ്റർ സ്ഥാപിക്കൽ വൈദ്യുതി തടസ്സം പ്രശ്നമാകാതെ വിദ്യാലയ പ്രവർത്തനങ്ങളുടെ സംഘാടനം | • കമ്പ്യൂട്ടർ ലാബ്, ഓഫീസ് ഹൈ-ടെക് ക്ലാസ്സ് റൂം എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാൻ ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കൽ | 1 വർഷം | പി.ടി.എ | 10 ലക്ഷം M.P. ഫണ്ട് |
| 13 | മാലിന്യസംസ്ക്കരണം ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | • ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ. | 1 വർഷം | S.S.G | 1 ലക്ഷം ജില്ലാ പഞ്ചായത്ത് |

# ലക്ഷ്യങ്ങൾ

- പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന കുഴി ആർജ്ജിക്കേണ്ട ശേഷികളും, ധാരണ കളും നൈപുണികളും ഓരോ ക്ലാസിലേയും കുട്ടികൾ നേടി എന്ന് ഉറപ്പാക്കുക.
- വിഷയങ്ങൾ ഊന്നിയുള്ള പഠനത്തിനപ്പുറം സർഗ്ഗപരമായ കഴിവുകൾ വികസിപ്പിച്ച് സമഗ്രവികസനം ഉറപ്പാക്കുക.
- നാലാംതരത്തിലെത്തുന്ന കുട്ടിക്ക് മാതൃഭാഷ നന്നായി കൈകാര്യം ചെയ്യുന്നതിനും അതോടൊപ്പം ഇംഗ്ലീഷിലും സങ്കോചം കൂടാതെ ആശയവിനിമയം നടത്താനുള്ള ശേഷി കൈവരിക്കുക.
- ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം തുട്ങിയ വിഷയങ്ങളിൽ അതാതു ക്ലാസ്സിനനുസരിച്ച് ആശയദൃഢതയും അഭിരുചിയും ഉണ്ടാക്കി എടുക്കുക.
- ജൈവകൃഷിയിലൂടെ കുട്ടികളിൽ കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുക.
- പ്ലാസ്റ്റിക്മുക്ത കീടനാശിനി മുക്ത- ലഹരിമുക്ത വിദ്യാലയ സൃഷ്ടിക്ക്
- പ്രകൃതി തന്നെ പാഠപുസ്തകം എന്ന ആശയത്തെ വികസിപ്പിച്ച് ഒരു മാതൃക ജൈവവൈവിധ്യ ഉദ്യാനം വികസിപ്പിച്ചെടുക്കുക.
- ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും പഠനപ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കുകയും അതിന് യോജിച്ച രീതിയിൽ അധ്യാപകർക്ക് വേണ്ടി പരിശീലനം നൽകുകയും ചെയ്യുക.
- സ്കൂളിൻെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ആകർഷകമാക്കുക.
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- കുട്ടികളിലെ സർഗകഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- പൂർവ്വ വിദ്യാർത്ഥികളെയും മറ്റു പൊതുവിദ്യാഭ്യാസ തൽപരരെയും സ്കൂൾ വികസനപ്രവർത്തങ്ങളിൽ പങ്കു ചേർക്കുക.
- പൊതുസമൂഹത്തിന്റെ പിന്തുണ പൊതു വിദ്യാലയത്തിനും, വിദ്യായത്തിന്റെ പിന്തുണ പൊതുസമൂഹത്തിനും ഉറപ്പാക്കുക.
- വിദ്യാലയമികവുകൾ പൊതു സമൂഹവുമായി പങ്കുവെയ്ക്കുക.

# അനുബന്ധം


G.L.P.S.KALLUKOOTTAM- SITE PLAN
KITCHEN
URINAL
LATRINE
URINAL
LATRINE
URINAL
LATRINE
URINAL
LATRINE
Bore well
Class I
Class II
Class III
Class III
Class IV
OFFICE Room

# അക്കാദമിക് മാസ്റ്റർ പ്ലാൻ--മലയാളം (6)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>• ശരിയായ ഉച്ചാരണത്തോടെയുള്ള കഥകളിലൂടെ അക്ഷരത്തിലേക്കും പദങ്ങളിലേക്കും ചെറുവാക്യത്തിലേക്കും എത്തുന്നു.<br>• ചിഹ്നങ്ങൾ ഉറപ്പിക്കുന്നു.പദക്കാർഡുകൾ നിർമ്മിക്കുന്നു.<br>• കടന്നുപോകുന്ന പദങ്ങൾ, വാക്യങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തി ചെറിയ ഖണ്ഡികകൾ വികസിപ്പിക്കുന്നു. | ജൂൺ- സെപ്തംബർ | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പുസ്തകങ്ങൾ പദക്കാർഡ് 500/- |
| 2. | എല്ലാ കുട്ടികൾക്കും മലയാള ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിപ്പിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | • മലയാളത്തിലുള്ള അസംബ്ലി<br>• മലയാളത്തിലുള്ള ഡയറി<br>• പതിപ്പുകൾ, ചുമർപത്രികകൾ, പത്രം<br>• ക്ലാസ് ലൈബ്രറി-പത്രം, ബാലപ്രസിദ്ധീകരണങ്ങൾ, ലൈബ്രറിയിലെ കൊച്ചുകഥാ പുസ്തകങ്ങൾ എന്നിവ വായിക്കുന്നു. | ജൂൺ- മാർച്ച് | എസ്.ആർ ജി<br><br>ക്ലാസ് ടീച്ചർ | ഓരോ ക്ലാസ്സിനും 1500/- രുപ വീതം |

## ഭൗതീകം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | • വിദ്യാലയത്തിലുണ്ടാകുന്ന ജൈവ മാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | പി.ടി.എ. ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം (അനെർ |
| 2 | ഡൈനിംഗ് ഹാൾ ശുചിത്വം + ആരോഗ്യം= പഠനം | • സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ട് വർഷം | പി.ടി.എ L.S.G.D | 5 ലക്ഷം M.P. ഫണ്ട് |
| 3 | പ്രീ പ്രൈമറി & ലാബ് സമുച്ചയം പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ ലാബുകൾ ശാസ്ത്രീയമാക്കൽ | • ആകർഷകമായ വിധത്തിൽ പ്രീ-പ്രൈമറി & ലാബ് മന്ദിരസമുച്ചയം നിർമ്മിക്കൽ. മുകളിൽ ആഡിറ്റോറിയം. | അഞ്ചുവർഷം | പി.ടി.എ L.S.G.D | 80 ലക്ഷ പഞ്ചായത്ത് |
| 4. | യോഗപരിശീലന കേന്ദ്രം ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക പ്രധാനം ചെയ്യൽ | • വായു സഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗ പരിശീലനത്തിനുവേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ ഒന്നുവീതം | പി.ടി.എ | 2 ലക്ഷം ജില്ലാ പഞ്ചായത്ത് |
| 5. | നീന്തൽക്കുളം ആരോഗ്യകായിക ക്ഷമത വർദ്ധിപ്പിച്ച് വിദ്യാഭ്യാസം ഫലപ്രദമാക്കൽ | • ജലലഭ്യത,സ്ഥലവിസ്തൃതി എന്നിവ പരിഗണിച്ച് നീന്തൽക്കുളം നിർമ്മിക്കൽ അവധി ദിവസങ്ങളിൽ നിയന്ത്രണങ്ങളോടെ പൊതു സമഹത്തിനും പരിശീലനത്തിന് അവസരം നൽകാം. | ഒരു പ്രാവശ്യം | പി.ടി.എ | 50 ലക്ഷ L.S.R. ഫണ്ട് |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4.വായന കുറിപ്പ് പതിപ്പ്<br>5. വായനകുറിപ്പ് ആസ്വാദന കുറിപ്പ്<br>6. ബാലസഭ<br>7. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>8. വ്യക്തിഗത രചന. | 6 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ<br>2000/- | PTA<br>BRC<br>Teacher |
| 4 | കവികൾ-കവിതകൾ | 1.കുട്ടികൾക്ക് കവിയുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്കു ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിത ശേഖരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ലൈബ്രറി | SRG<br>PTA |
| 5 | ജന്മദിനത്തിൽ ഒരു പുസ്തകം | 1 ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. | എല്ലാ ജന്മദിനങ്ങളിലും | | ക്ലാസ് ടീച്ചർ |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിൻതുണ |
|---|---|---|---|---|---|
| 6 | സർഗ്ഗസല്ലാപം<br><br>ഭാഷയിലൂടെ വിവിധശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ അവരുടെ വായന/ലേഖനം അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ പ്രസിദ്ധീകരിക്കൽ | വരഷത്തിൽ 2 പ്രാവശ്യം | സാഹിത്യ കാരന്മാർ | HM PTA സാമ്പത്തികം 2000 സ്പോൺസർ) |
| 7. | ഗ്രന്ഥശാലാ ശാക്തീകരണം- വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശഘബ്ബിലൂടെ കണ്ടെത്തൽ പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | | HM PTA അധ്യാപകർ |
| 8. | നാടകകളരി ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | | Arts Club അധ്യാപകർ |
| 9. | അഭിമുഖങ്ങൾ /സെമിനാറുകൾ സർഗ്ഗശേഷികളുടെ വികസനം സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തകരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | OSA | 10000/- OSA |
| 10 | ദിനാചരണങ്ങൾ വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച്വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG-യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

## പരിസര പഠനം

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാല യളവ് | പിന്തുണ | സാമ്പ കം |
|---|---|---|---|---|---|
| 1 | മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് മനസ്സിലാക്കൽ | • അടുത്തുള്ള കാവുകളിലേക്ക് ഒരു പഠനയാത്ര. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ | |
| 2 | മേളകൾ ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക. | • സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാകുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ<br>• ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 5000/- |
| 3 | ബുള്ളറ്റിൻ ബോർഡ് സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | • വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | HM Teacher | 1000/- |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| 4 | കായിക പരിശീലനം കാര്യക്ഷമമാക്കൽ | • രാവിലെയും വൈകുന്നേരവും കായിക പരിശീലനം നൽകുക കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ. | ആഴ്ചയിൽ മൂന്ന് ദിവസം | പി.ടി.എ | 5000/- |
| 5 | മെഡിക്കൽ ക്യാമ്പ് ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | • വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും, രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ. | വർഷ ത്തിൽ ഒന്നു വീതം | HM PTA | 1000/- |
| 6 | പച്ചക്കറിതോട്ടം | • വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | SRG SSG | 5000/- |
| 7 | ജൈവ വൈവിധ്യ പാർക്ക് പ്രകൃതിയെ അടുത്തറിയുവാൻ അവസരമൊരുക്കും | • സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യപാർക്ക് നിർമ്മിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | SRG | 25000 |
| 8. | ക്ലാസ് പി.ടി.എ സജീവമാക്കൽ കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവയുണ്ടാകണം. | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 9 | പോഷകാഹാര പരിപാടി ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | • ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ച ഭക്ഷണ ചുമതലയുള്ള ടീച്ചർ HM PTA | 5000/- CSR ഫണ്ട് |
| 10 | ഗവേഷണ പ്രോജക്ടുകൾ വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാകുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | • പൂർവ്വ വിദ്യാർത്ഥികളുടെ ഡേറ്റാ ബുക്ക് തയ്യാറാക്കൽ, പഠന പിന്നോക്കാവസ്ഥയുള്ളവർക്കുള്ള പ്രത്യേക വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ, സർവ്വെ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയവ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്നു വീതം | SRG PTA MPTA SSG | |
| 11 | ശാസ്ത്രമാജിക് കുട്ടികളിൽ ശാസ്ത്രാദി രുചി വളർത്തുക | • ശാസ്ത്ര തത്ത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കേണം. അവയുടെ പ്രവർത്തന ക്രമം ചിത്രം സഹിതം പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തണം | മാസത്തിൽ ഒന്നുവീതം | SRG | |
| 12 | മൺമറഞ്ഞ ആഹാരം കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | • കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചിന പാനിയങ്ങൾ പലഹാരങ്ങൾ ആഹാര സാധനങ്ങൾ എന്നിവയുടെപട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിയണം. ഓരോന്നും പാകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | 1 പ്രാവശ്യം | SRG PTA | |

# അക്കാദമിക് പ്ലാൻ- അറബിക്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ[ത്തി]കം |
|---|---|---|---|---|---|
| 1 | • അറബിക് മധുരം<br>• അറബിക് ഭാഷയിൽ പിന്നോട്ട് നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | • പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കണ്ടെത്തുന്നു<br>• അക്ഷരകാർഡുകൾ നൽകുന്നു.<br>• വിവിധതരം അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിമ്മിക്കുന്നു. | ജൂൺമാസം | ഹെഡ്മാസ്റ്റർ ക്ലാസ് ടീച്ചർ | |
| 2 | വായനാലോകം<br>• കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br>• നല്ല വായനക്കാരനാക്കുക | • ചിത്രകഥ വായന<br>• കഥാപുസ്തക വായന<br>• കുട്ടിക്കവിതകൾ<br>• ചെറിയ വിവരണ ബുക്കുകൾ (അറബിക്). | 6 മാസം | ക്ലാസ് ടീച്ചർ എസ്.ആർ.ജി | പുസ്ത[ക]ങ്ങൾ 1000/- |
| 3 | ആസ്വാദന ലോകം | • ആസ്വാദന സഭ<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രമിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരൽ | രണ്ടാഴ്ചയിലൊരിക്കൽ | ഹെഡ്മാസ്റ്റർ ക്ലാസ് ടീച്ചർ | |
| 4 | കാഴ്ചയും കേൾവിയും | • നേരത്തെ ഡൗൺലോഡ് ചെയതെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രൊജക്റ്റിന്റെ സഹായത്തോടെ കാണാനുള്ള അവസരമൊരുക്കൽ | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ S.R.G | LCD പ്രൊജക്ടർ കമ്പ്യൂട്ടർ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | • പദപരിചയം<br>• അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | • അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ ക്ലാസിലെ ഒരു വിദ്യാർത്ഥി ക്ലാസ് നമ്പർ അനുസരിച്ച് ഒരു അറബി പദം പരിചയപ്പെടുത്തുന്നു. മറ്റുള്ളവർ എഴുതിയെടുത്ത് അർത്ഥം കണ്ടെത്തുന്നു. മാസത്തിലൊരിക്കൽ വിലയിരുത്തുന്നു. മികച്ചു നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകി പ്രോത്സാഹനം നൽകുന്നു. | 1 വർഷം | ടീച്ചർ<br>ക്ലാസ് ലീഡർ | മൈക്ക് 1000/- |
| 6 | • അറബിക് അസംബ്ലി | • ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>• പത്രവാർത്ത അറബിയിൽ വായിക്കുന്നു.<br>• ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക.<br>• പുസ്തകം പരിചയപ്പെടുത്തൽ.<br>• സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ. | 1 വർഷം | | |
| 7 | അറബിക് ഫെസ്റ്റ | • അറബിക് ദിനത്തിലോ, അല്ലാതെയോ ഒരു ഫുൾ ഡേ/ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക. | വർഷത്തിൽ ഒരു പ്രാവശ്യം | ഹെഡ്മാസ്റ്റർ<br>അറബിക് ടീച്ചർ | പുസ്ത ങ്ങൾ സമ്മാ( ങ്ങൾ 1000/- |
| 8 | നല്ല എഴുത്ത് കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | • ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ.<br>വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക.<br>• ചുമർ പത്രിക | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ<br>S.R.G | LCD പ്രൊജക്ടർ കമ്പ്യൂട്ടർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഗണിതം

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാല യളവ് | ചുമതല | സാമ്പത്തി കം |
|---|---|---|---|---|---|
| 1 | ഗണി തപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ചോദ്യാവലി ഉണ്ടാക്കുന്നു<br>• മൂല്യ നിർണ്ണയം<br>• റിസൾട്ട് രേഖപ്പെടുത്തുന്നു.<br>• റിപ്പോർട്ട് തയ്യാറാക്കുന്നു<br>• SRG യിൽ അവതരണം<br>• സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ കുട്ടികൾ മുൻക്ലാസുകളിൽ നേടേണ്ട ശേഷികൾ കണ ക്കിലെടുത്തുകൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തിഗതമായും, ഗ്രൂപ്പായും നൽകുന്നു.<br>• വർക്ക് ഷീറ്റുകൾ നൽകുന്നു. | ജൂൺ | ഹെഡ്മാസ്റ്റർ<br>എസ്. ആർ. ജി. കൺവീനർ<br>ക്ലാസ് ടീച്ചർ | വർക്ക് ഷീറ്റ് |
| 2 | ഗണിതാസ്വാദനം | • പാഠാസൂത്രണങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യുന്നു.<br>• ക്വിസ് മത്സരങ്ങൾ, പസ്സിലുകൾ, കുസൃതി കണക്കുകൾ എന്നിവ കണ്ടെത്തി ആസൂത്രണം ചെയ്യുന്നു.<br>• ഐ.ടി.സി. സാധ്യത | 1 വർഷം | ഹെഡ്മാസ്റ്റർ<br>എസ്. ആർ. ജി. കൺവീനർ<br>ക്ലാസ് ടീച്ചർ | ബുക്സ് ചുമർ പത്രിക പഠനോപ കരണ ങ്ങൾ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല യളവ് | ചുമതല | സാമ്പത്തി കം |
|---|---|---|---|---|---|
| 3 | ഗണിത ക്ലബ്ബ് രൂപീകരണം | • ഓരോ ക്ലാസിലേയും 1/4 ഭാഗം കുട്ടികൾ ഗണിത ക്ലബ്ബിൽ അംഗങ്ങളായിരിക്കും.<br>• ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി കൊണ്ട് ക്ലാസ്തലത്തിലും, സ്കൂൾതലത്തിലും പരിപാടികൾ ആസൂത്ര ണം ചെയ്ത് നടപ്പാക്കുന്നു.<br>• പഠനോപകരണങ്ങൾ ആവശ്യമായവ കണ്ടെത്തുന്നു.<br>• ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | 1 വർഷം<br>ജൂൺ- ആഗസ്ത് | ഹെഡ് മാസ്റ്റർ<br>ക്ലാസ് ടീച്ചർ &<br>എസ്. ആർ. ജി. കൺവീനർ<br>പി.ടി.എ | ബുള്ളറ്റിൻ ബോർഡ് ബുക്സ്<br>ഗണിത കിറ്റ് ഗണിത പഠനോപ കരണം |
| 4 | ഗണിത മാഗസിൻ രൂപീകരണം | • ഗണിതാശയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ, ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ, ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി ഗണിത ക്ലബ്ബ് മുഖേന സ്കൂൾ തലത്തിൽ ഗണിത മാഗസീൻ തയ്യാറാക്കുന്നു. | ജൂൺ - ഒക്ടോ ബർ | ഗണിത ക്ലബ്ബ് അംഗങ്ങൾ | A-4 ഷീറ്റ് ബുക്സ് ബുക്ക് ബൈഡിം ഗ് |
| 5. | ഉത്തരപെട്ടി തയ്യാറാക്കൽ | • ഗണിതപ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു. | | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല യളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6 | | • വിജയികളെ കണ്ടെത്തി പ്രഖ്യാപിക്കൽ<br>• ഉത്തരം വിശകലനം ചെയ്ത് അവതരിപ്പിക്കൽ | 1 മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | ചാർട്ട് |
| 7 | ഗണിത ക്വിസ് നടത്തൽ | • മാസത്തിലെ ഒരിക്കൽ ഗണിതവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം സ്കൂൾതലത്തിൽ നടത്തുന്നു.<br>• മനകണക്കുകൾ.ക്ലാസ്സിൽ പൊതുവായി ചോദ്യം ഉന്നയിക്കുന്നു. മനസ്സിൽ മാത്രം ചെയ്ത നിശ്ചിത സമയത്തിനുള്ളിൽ ഉത്തരം കണ്ടെത്തുന്നു. അതാത് ക്ലാസ്സിലെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടതം ചിന്താശേഷി ഉണർത്തുന്നതുമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ക്ലാസ് ടീച്ചർ | ബുക്സ് ചുമർ പത്രിക പഠനോപകരണങ്ങൾ |
| 8 | ഗണിത ലാബ് | • വിദ്യാലയത്തിൽ ഗണിതവുമായി ബന്ധപ്പെട്ട രസകരവും, ലളിതവുമായ പ്രൊജക്ടുകൾ സ്വയംചെയ്യാനുള്ള പ്രവർത്തനങ്ങൾ രസകരവും ലളിതമായും നൽകുക.<br>• ഗണിത റഫറൻസ് ബുക്കുകൾ, ചുമർഗണിത ചിത്രങ്ങൾ, മെട്രിക് ഉപകരണങ്ങൾ | ആവശ്യാനുസരണം | എസ്.ആ.ജി<br>ഗണിത ക്ലബ്ബ് | പി.ടി.എ. 1000/- |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല യളവ് | ചുമതല | സാമ്പത കം |
|---|---|---|---|---|---|
| | | • അബക്കസ്, ജ്യാമിതീയ രൂപങ്ങൾ എന്നിവ അതാതുക്ലാസുകൾക്ക് അനുയോജ്യമായത് തിട്ടപ്പെടുത്തുക.<br>• ടാൻ ഗ്രാം നിർമ്മിക്കുക | | | അബാക സ് |
| 8 | മാത്സ് ബ്ലോഗ് | • കുട്ടികളുടെ സൃഷ്ടിക്കൽ ബ്ലോഗിൽ കയറ്റുന്നു. | സെപ്തം ബർ | ഹെഡ്മാസ്റ്റർ സ്റ്റാഫ് സെക്രട്ടറി | സാമ്പത കം |
| 9 | ഒറിഗാമി ശില്പശാല രസകരമായ ഗണിത ശാസ്ത്ര പഠനവും, കരചലന ശേഷികളുടെ വികാസവും | • ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതനുള്ള പരിശീലനം നൽകൽ.<br>• വിവിധരൂപങ്ങൾ നിർമ്മിക്കുന്നു.:അവയുടെ ഗണി തസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷ ത്തിൽ ഒരു പ്രാവ ശ്യം | HM SRG | 1000/- |
| 10 | ഗണിത പാർക്ക് ഗണി തം മധുരകരമാ ക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകൽ, വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | വർഷ ത്തിൽ ഒരു പ്രാവ ശ്യം | ഗണിത ക്ലബ്ബ് | പി.ടി.എ 500/- |

# അക്കാദമിക് പ്ലാൻ -ഇംഗ്ലീഷ്

| ക്രമനമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ലക്ഷ്യം:- ഇംഗ്ലീഷ് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പഠിപ്പിക്കുവാനുള്ള പരിപാടി | 1.Pre-Test<br>2. വായനകാർഡ് നൽകൽ<br>3. അക്ഷരം ഉറപ്പിക്കൽ | 2 മാസം | പുസ്തകങ്ങൾ 500/- | B.R.C |
| 2 | വായനാലോകം ലക്ഷ്യം:- കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ. നല്ല വായനക്കാരനാക്കുക. | തെരഞ്ഞെടുത്ത ലളിതമായ ഇംഗ്ലീഷ് പുസ്തകശേഖരം (ഇംഗ്ലീഷ് ലൈബ്രറി) ചിത്രകഥ (ഇംഗ്ലീഷ്) കഥാപുസ്തകം (ഇംഗ്ലീഷ്) കുട്ടിക്കവിതകൾ (ഇംഗ്ലീഷ്) ഇംഗ്ലീഷ് ക്വിസ്. | 1 വർഷം | സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ 1000/- | ഇംഗ്ലീഷ് അധ്യാപകർ P.T.A B.R.C (1000 രൂപ) |
| 3 | ഇംഗ്ലീഷ് അസംബ്ലി ലക്ഷ്യം:- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകാൻ ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ, ചെറിയ കഥകൾ, Rhymes, എന്നിവ അസംബ്ലിയി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ 1 ദിവസം | ഇംഗ്ലീഷ് പത്രം 1000/- | ക്ലാസ് ടീച്ചർ |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാല യളവ് | സാമ്പ ത്തികം | ചുമതല | സാമ്പത്ത്ി കം |
|---|---|---|---|---|---|---|
| 4. | ഇംഗ്ലീഷ് ഡയറി ലക്ഷ്യം:- തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും, വീട്ടിലും ടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷി ഡയറിയിൽ എഴുതുക. | ആഴ്ച യിൽ 5 ദിവസം | | ഇംഗ്ലീഷ് അധ്യാപി ക | |
| 5. | ഇംഗ്ലീഷ് തീയേറ്റർ ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾ ക്ക് ഉപയോഗി ക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതി ൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ (Skit, Conversation drama.etc) | പ്രതിമ ാസ പരിപാ ടി | ചാർട്ട് 2000/- | എച്ച്.എം ഇംഗ്ലീഷ് അധ്യാപ കൻ പി.ടി.എ | 2000 പി.ടി.എ |
| 6. | ഇംഗ്ലീഷ് ബുള്ളറ്റിൻ ഇംഗ്ലീഷ ിൽ സർഗാത്മക രചന നടത്തുന്നതിനു ള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൽ തയ്യാറാക്കൽ ഉദാ: Onam, Freedom | പ്രതി മാസ പരിപാ ടി | പുസ്തക ങ്ങൾ കമ്പ്യൂട്ടർ 500/- | എച്ച്.എം ഇംഗ്ലീഷ് അധ്യാപ കൻ പി.ടി.എ | 2000 |
| 7. | ഇംഗ്ലീഷ് ഫെസ്റ്റ് ലക്ഷ്യം:- വ്യാകരണം ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേ ക്ക് എത്തിക്കൽ | സ്കൂൾ കാലാവധിയിൽ ഒരു ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | ഒരു ദിവസം | | P.T.A പ്രസിഡ ണ്ട് H.M | 10000 |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാല യളവ് | ഭൗതികം | പിന്തുണ | സാമ്പത്തി കം |
|---|---|---|---|---|---|---|
| 8. | ഇംഗ്ലീഷിൽ കത്തെഴുത്ത് ലക്ഷ്യം ഇംഗ്ലീഷ് രചനയിൽ പ്രാവിണ്യം നേടൽ | സ്കൂളിലെ കുട്ടികൾ തമ്മിൽ വിശേഷങ്ങൾ പ്രതിമാസ കത്തിടപാടിലൂടെ പങ്കുവെക്കൽ | മാസത്തിൽ ഒന്നുവീതം | | ക്ലാസ് ടീച്ചർ | |
| 9. | പദപ്രശ്ന നിർമ്മാണം ലക്ഷ്യം:- കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | | ഇംഗ്ലീഷ് ക്ലബ്ബ് | |
| 10 | ഇംഗ്ലീഷ് കോർണർ ലക്ഷ്യം:- ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാ ാവുന്നവിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | | | | |